## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2658 18.08.2017 - ൽ മറുപടിക്ക്

## തിരുവനന്തപുരം ലൈറ്റ് മെട്രോ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. കെ.എസ്.ശബരീനാഥൻ :<br>ശ്രീ. വി.പി.സജീന്ദ്രൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ലൈറ്റ് മെട്രോ-യ്ക്കായി പള്ളിപ്പുറം മുതൽ കരമന വരെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; | (എ) സംസ്ഥാന സർക്കാർ 08.09.2016 - ലെ ജി. ഒ (എം. എസ്) നമ്പർ. 67/2016/പൊ.മ.വ. പ്രകാരം തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തി-നായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോയുടെ ഭാഗമായി പട്ടം, ഉള്ളൂർ, ശ്രീകാര്യം എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട മേൽപ്പാലങ്ങൾ-ക്കായി 2.72 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള അഭ്യർത്ഥന ജില്ലാകളക്ടർക്ക സമർപ്പിക്കുകയും തുടർനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴക്കൂട്ടം മുതൽ കേശവദാസപുരം വരെ പാതവികസനത്തിന് |

| | | | |
|---|---|---|---|
| | | | ആവശ്യമായ 6.7543 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 16.01.2017 - ലെ സ. ഉ (സാധാ.) നമ്പർ. 79/2017/പൊ.മ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.<br><br>ലൈറ്റ് മെട്രോ ഡിപ്പോ / യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക യൂണിറ്റിനെ നിയോഗിച്ചിട്ടുണ്ടോ ; എത്ര ഏക്കർ സ്ഥലമാണ് ലൈറ്റ് മെട്രോയ്ക്കായി ഏറ്റെടുക്കേണ്ടി വരുന്നത് ; | (ബി) | ലൈറ്റ് മെട്രോ പദ്ധതിക്കായി പള്ളിപ്പുറം മുതൽ കരമന വരെ സ്ഥലം ഏറ്റെടുക്കുന്നതിനായി 01.06.2017 - ലെ സ. ഉ (സാധാ.) നമ്പർ. 2504/റവന്യൂ. ബി - 2017 - ആർ. ഡി പ്രകാരം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ, 22 അംഗ പ്രത്യേക എൽ. എ യൂണിറ്റ് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് . ലൈറ്റ്മെട്രോ സ്റ്റേഷനുകളുടെനിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, പട്ടം, ഉള്ളൂർ, ശ്രീകാര്യം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് 2.72 ഹെക്ടർ സ്വകാര്യ ഭൂമിയും, കഴക്കൂട്ടം - കേശവദാസപുരം പാതവികസനത്തിന് 6.7543 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുക്കേണ്ടതുണ്ട്. |
| (സി) | ഭൂമി ഏറ്റെടുത്ത് എന്നത്തേക്ക് റാപ്പിഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് കൈമാറുവാൻ കഴിയും; ഭൂമി ഏറ്റെടുക്കുന്നതിന് എത്ര കോടി രൂപ വേണ്ടി വരുമെന്നാണ് | (സി) & (ഡി) | ലൈറ്റ് മെട്രോ പദ്ധതിക്കായി അടിയന്തിരമായി ഭൂമി ഏറ്റെടുത്ത് കെ. ആർ. ടി. എൽ - ന് കൈമാറുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ, 22 |

| | | |
|---|---|---|
| | കണക്കാക്കിയിട്ടുള്ളത് ; | |
| (ഡി) | അടിയന്തരമായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | അംഗ പ്രത്യേക എൽ. എ യൂണിറ്റ് രൂപീകരിക്കുന്നതിന് 01.06.2017 - ലെ സ. ഉ (സാധാ.) നമ്പർ. 2504/റവന്യൂ - 2017 - ആർ. ഡി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്കുള്ള ഭൂമി ഏറ്റെടുക്കലിന് ഏകദേശം 196 കോടി രൂപയും, പട്ടം, ഉള്ളൂർ, ശ്രീകാര്യം മേൽപ്പാലങ്ങൾക്കുള്ള സ്ഥലമെടുപ്പിന് 134 കോടി രൂപയാണ് ചെലവുവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എത്രയും വേഗത്തിൽ സ്ഥലമെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

